**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2617** **14-09-2023 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ എൽ.എ.സി- എ.ഡി.എസ് ഉപയോഗിച്ചുള്ള ഐസൊലേഷൻ വാർഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2021-22 വർഷത്തെ എൽ.എ.സി- എ.ഡി.എസ് ഉപയോഗപ്പെടുത്തി മഞ്ചേശ്വരം മണ്ഡലത്തിൽ നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡ് പ്രവൃത്തി യുടെ നിർവ്വഹണ ഏജൻസിയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | **2021-22 വർഷത്തെ എൽ.എ.സി- എ.ഡി.എസ് പദ്ധതിയിൽ നിന്ന് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി മാറ്റി വച്ച തുകയും കിഫ്ബി ഫണ്ടും ഉപയോഗപ്പെടുത്തി മഞ്ചേശ്വരം മണ്ഡലത്തിലെ മംഗൽപ്പാടി സി.എച്ച്.സി.യിൽ നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡ് പ്രവൃത്തി യുടെ നിർവ്വഹണ ഏജൻസി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ )ആണ്.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 1.69 കോടി രൂപയാണ്. |
| (സി) | പ്രസ്തുത പ്രവൃത്തിയിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും നിലവിൽ ഇത് നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ; | (സി) | 10 ബെഡുകളുള്ള പേഷ്യന്റ് കെയർ സോൺ (രോഗികളുടെ എണ്ണമനുസരിച്ച് 15 എണ്ണമായി കൂട്ടാവുന്ന വിധം), മെഡിക്കൽ ഗ്യാസ് സ്റ്റോറേജ് & കൺട്രോൾ റൂം, നഴ്സസ് സ്റ്റേഷൻ, ടോയ്ലറ്റ് ബ്ളോക്ക്, സ്റ്റാഫ് റൂം & ടോയ്ലറ്റ്, ഡോക്ടേഴ്സ് റൂം, എമർജൻസി പ്രൊസീജിയേഴ്സ് റൂം, സപ്ലൈ സ്റ്റോർ, വെയിറ്റിംഗ് ഏരിയ, ബയോമെഡിക്കൽ വേസ്റ്റ് സെഗ്രിഗേഷൻ എന്നീ സൗകര്യങ്ങൾ ആകെ 2400 സ്ക്വയർ ഫീറ്റിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടി പ്രവൃത്തി നിലവിൽ പുരോഗമിച്ച് വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ മോണിട്ടറിംഗ് ചുമതല ആർക്കാണെന്നും പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ; | (ഡി) | **പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായ കെ.എം.എസ്.സി.എൽ നോട് ഒപ്പം കിഫ്ബി ടെക്നിക്കൽ റിസോഴ്സ് സെന്ററിൽ നിന്നുമുള്ള എഞ്ചിനീയർമാരുടെ ഒരു ടീമും പ്രവൃത്തിയുടെ മേൽനോട്ടവും മോണിട്ടറിംഗും നിർവ്വഹിക്കും. പ്രവൃത്തി നിലവിൽ പുരോഗമിച്ച് വരുന്നു.** |
| (ഇ) | പ്രസ്തുത പ്രവൃത്തി ചെയ്യുന്ന കരാറുകാരന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; എഗ്രിമെന്റ് കാലാവധി എന്നുവരെയാണെന്ന് വ്യക്തമാക്കുമോ? | (ഇ) | പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനായി തൃശ്ശൂർ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിനെയാണ് കരാറുകാരനായി പദ്ധതി നിർവ്വഹണ ഏജൻസിയായ **കെ.എം.എസ്.സി.എൽ** |

| | | | |
|---|---|---|---|
| | | | **തെരഞ്ഞെടുത്തിരിക്കുന്നത്. എഗ്രിമെന്റ് കാലാവധി നിലവിൽ 30-09-2023 വരെ ദീർഘിപ്പിച്ചു നൽകുന്നതിന് കെ.എം.എസ്.സി.എൽ നടപടി സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ